കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 7/1727/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –20/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം

അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയപകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-7/1727/2017 തീയതി: 20/10/2017

## കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട | ശ്രീ.ബിനുകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ |

<table>
<tr><td>ഉദ്യോഗസ്ഥൻ</td><td colspan="2"></td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">18/08/2017 മുതൽ<br>29/08/2017 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീമതി.ജി.സിന്ധു</td><td>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)</td></tr>
<tr><td>ശ്രീമതി.ഷീബാകൃഷ്ണൻ</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ</td></tr>
<tr><td>ശ്രീ.ശ്രീരാജ്.വി.ജി</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ</td></tr>
</table>

(ബി) നിർവ്വഹണാധികാരികൾ

<table>
<tr><td>പ്രസിഡന്റ്</td><td>ശ്രീമതി.ആശാചന്ദ്രൻ</td><td>01/04/2016 മുതൽ 31/03/2017 വരെ</td></tr>
<tr><td rowspan="2">സെക്രട്ടറി</td><td>ശ്രീ.അനിൽകുമാർ.എ.</td><td>01/04/2016 മുതൽ 17/11/2016 വരെ</td></tr>
<tr><td>ശ്രീ.ജ്യോതിസ്.വി.</td><td>18/11/2016 മുതൽ 31/03/2017 വരെ</td></tr>
<tr><td>അസിസ്റ്റന്റ് സെക്രട്ടറി</td><td>ശ്രീ.വിജയമോഹൻ.എസ്</td><td>01/04/2016 മുതൽ 19/01/2017 വരെ</td></tr>
</table>

| | | |
|---|---|---|
| | | |
| | ശ്രീമതി.ശോഭന.പി. | 20/01/2017 മുതൽ 31/03/2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വെറ്റിനറി സർജൻ | ഡോ.അനീസ് ബഷീർ | 01/04/2016മുതൽ 31/03/2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റജീന ജേക്കബ്ബ് | 01/04/2016മുതൽ 31/03/2017വരെ |
| വി.ഇ.ഒ, ബ്ലോക്ക് ഹെഡ് ക്വാർട്ടർ സർക്കിൾ | ശ്രീ.ഐ.സലിൻകുമാർ | 01/04/2016മുതൽ 31/03/2017 വരെ |
| വി. ഇ. ഒ, കണ്ണനല്ലൂർ സർക്കിൾ | ശ്രീമതി.അജിത.എം.വി. | 01/04/2016മുതൽ 31/03/2017 വരെ |
| വി. ഇ. ഒ ഇൻ ചാർജ്, വെട്ടിലത്താഴം സർക്കിൾ | ശ്രീ.ഐ.സലിൻകുമാർ | 01/04/2016 മുതൽ 19/11/2016 വരെ |
| വി.ഇ.ഒ., വെട്ടിലത്താഴം | ശ്രീ.സുമേഷ് | 20/11/16 മുതൽ |

| | | |
|---|---|---|
| സർക്കിൾ | | 31/03/17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷീല | 01/04/2016മുതൽ 31/03/2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ഡോ.കോളിൻ.ബി. ഫെർണാണ്ടസ് | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.രമ്യ | 01/04/2016 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ,ആയൂർവേദം | ഡോ.അമ്പിളികുമാരി | 01/04/2016 മുതൽ 31/03/2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സംഗീത | 01/04/2016 മുതൽ 31/03/2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.കാർത്തിക.എൽ.ആർ | 01/04/2016 മുതൽ 21/08/2017 വരെ |
| | ശ്രീമതി.അനുപമ | 22/08/16 മുതൽ 31/03/17 |

| | | |
|---|---|---|
| | | വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | കെട്ടിടനികുതി അസസ് ചെയ്യതിൽ നഷ്ടം | 2-1 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | വാടക ഈടാക്കിയിട്ടില്ല | 2-3 |
| 15 | പരസ്യനികുതി, സ്ലാട്ടർഹൗസ് -അനധികൃതമായി പഞ്ചായത്തുപരിധിയിൽ പ്രവർത്തനം. | 2-4 |
| | ഭാഗം 3 | |
| 16 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച | 3-1 |
| 17 | പശ്ചാത്തലമേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച | 3-2 |
| 16 | മഴക്കാലപൂർവ്വ ശുചിത്വകാമ്പെയിൻ-ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-3 |
| 17 | ആയുർവേദമരുന്ന് ലഭ്യമായിട്ടില്ല | 3-4 |
| 18 | ഹോമിയോമരുന്ന് ലഭ്യമായിട്ടില്ല | 3-5 |
| 19 | പാരമ്പര്യമായി ലഭിക്കേണ്ട ഭൂമി വാങ്ങാൻ ആനുകൂല്യം നൽകി | 3-6 |
| 20 | ലാപ്പ്ടോപ്പ് അനർഹർക്ക് നൽകി | 3-7 |
| 21 | കന്നുകുട്ടിപരിപാലനം-തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല | 3-8 |
| 22 | മേൽക്കൂരമാറ്റിവയ്ക്കൽ- അധികം തുക ചെലവഴിച്ചു | 3-9 |

| | | |
|---|---|---|
| 23 | പാലിയേറ്റീവ് പരിചരണം- മാനേജ്മെന്റ് കമ്മറ്റി പ്രവർത്തനക്ഷമമല്ല | 3-10 |
| 24 | ത്രൈമാസപരിധി ലംഘിച്ച് യാത്രാപ്പടി അനുവദിച്ചു | 3-11 |
| 25 | എസ്.എസ്.എ പദ്ധതി- അധികം തുക ഒടുക്കി | 3-12 |
| 26 | ഇ.എം.എസ് ലോൺ തിരിച്ചടവ്-ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല | 3-13 |
| 27 | പി.എം.എ.വൈ പദ്ധതി-തുക വിനിയോഗിക്കാതെ ശേഷിക്കുന്നു. | 3-14 |
| 28 | വെള്ളക്കരംഒടുക്കൽ- ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല | 3-15 |
| 29 | ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം- ചെലവുരേഖകളില്ല | 3-16 |
| 30 | തെരുവുവിളക്കുകളുടെ കൃതമായ രേഖകൾ സൂക്ഷിക്കുന്നില്ല | 3-17 |
| 31 | പെൻഷൻ അക്കൗണ്ടിൽ തുക ശേഷിക്കുന്നു | 3-18 |
| 32 | മരാമത്തുപ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം-ഫൈൻ ഈടാക്കുന്നതിൽ വീഴ്ച | 3-19 |
| | ഭാഗം-4 | |

| | | |
|---|---|---|
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 05/03/2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 10-07-2017 | 22-07-2017 | 29-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 18-07-2017 | ഈ റിപ്പോർട്ടിനൊപ്പം സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,52,05,941 |
| വരവ് | 9,87,64,698 |
| ആകെ | 13,39,70,639 |
| ചെലവ് | 8,34,39,207 |
| നീക്കിയിരിപ്പ് | 5,05,31,432 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 2,31,79,870 | 2,31,79,870 | 2,31,79,870 | ഇല്ല | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 1,03,07,523 | 1,03,07,523 | 1,03,07,523 | ഇല്ല | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 0 | 0 | ഇല്ല | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 15,63,600 | 15,63,600 | 15,63,600 | ഇല്ല | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 31,20,001 | 31,20,001 | 31,20,001 | ഇല്ല | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 90,61,318 | 90,61,318 | 90,61,318 | ഇല്ല | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 30,34,056 | 30,34,056 | 30,34,056 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 2,499 | 8,87,653 | 8,87,653 | 8,24,317 | 65,835 | 92.8 |
| ബി ഫണ്ട് | - | 18,53,880 | 18,53,880 | 18,53,880 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 6,95,97,803 | 109 | 5,03,19,033 | 63 | 0 | 63.37 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 11.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,00,69,703 | 1,15,20,481 | +14,50,778 | +14.41 |
| നികുതിയേതര വരവുകൾ | 32,52,504 | 33,58,670 | +1,06,166 | +3.26 |
| മറ്റുവരവുകൾ | 9,77,466 | 11,32,503 | +1,55,037 | +15.86 |
| ആകെ | 1,42,99,673 | 1,60,11,654 | +1,71,1981 | +11.9 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,63,880 | 529 |
| കർഷകതൊഴിലാളി പെൻഷൻ | 30,96,000 | 333 |
| വിധവാപെൻഷൻ | 3,10,20,260 | 2897 |
| വാർദ്ധക്യകാലപെൻഷൻ | 3,44,22,750 | 3220 |
| വികലാംഗപെൻഷൻ | 96,08,915 | 861 |
| അവിവാഹിതരായ | 2,04,930 | 20 |

| | | |
|---|---|---|
| വനിതകൾക്കുള്ള ധനസഹായം | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 9,90,000 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19/08/2017-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,12,172/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമല്ല. ആസ്തികൾ അന്യാധീനപ്പെടാതിരിക്കാനും ആസ്തികളുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. നികുതിപിരിവ് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ലൈസൻസ് എടുക്കുന്നതിലും നികുതി ഒടുക്കുന്നതിലും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അടാട്ട് മാതൃകയിലാണ് തെരുവുവിളക്ക് പരിപാലനം നടത്തുന്നതെങ്കിലും തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം, തരം ഇവ ലഭ്യമല്ലാത്തതിനാൽ റിപ്പയർ ചെയ്യുന്നതിന്റേയും പുതുതായി സ്ഥാപിക്കുന്നതിന്റേയും കണക്കുകൾ ബോദ്ധ്യപ്പെടാനാകുന്നില്ല. കുടിവെള്ളടാപ്പുകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/08/2017 | 01/07/17-31 /07/17 | 01/2017 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/01/2013 | 31/03/16 | 18/08/17 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടനികുതിനിർണ്ണയം - അപാകതകൾ

(I)ശ്രീ.ഷമീർ/ജാസ്മിൻബീഗം, ഷാലുമൻസിൽ, കണ്ണനല്ലൂർ പി.ഒ. എന്നിവർ തൃക്കോവിൽവട്ടം പഞ്ചായത്ത്, വാർഡ് നം.XV, സർവ്വേ നം.494/4-4,4-3 പണികഴിപ്പിച്ച വാണിജ്യകെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ അടിസ്ഥാനവിവരങ്ങൾ

* കെട്ടിടത്തിന്റെ തരം :- 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം

* മേഖല :- പ്രഥമമേഖല

* വഴിസൗകര്യം ;- 5 മീറ്ററിൽ കൂടുതലുള്ള റോഡ്

* തറനിർമ്മിതി ;- ടൈൽസ്

* മേൽക്കര :- കോൺക്രീറ്റ്

* അടിസ്ഥാനനികുതിനിരക്ക് :- 90 രൂപ/ ച.മീറ്റർ

കംപ്ലീഷൻ പ്ലാൻപ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ചുവടെ പറയും പ്രകാരമാണ്.

ബേസ്മെന്റ് ഫ്ലോർ - 215 സ്ക്വ.മീ.

ഗ്രൗണ്ട് ഫ്ലോർ - 245 സ്ക്വ.മീ

ഫസ്റ്റ് ഫ്ലോർ - 264 സ്ക്വ.മീ

സെക്കന്റ് ഫ്ലോർ - 244 സ്ക്വ.മീ

പ്രസ്തുത കെട്ടിടത്തിന് പഞ്ചായത്തിൽനിന്ന് നികുതി അസസ്സ്ചെയ്ത് നമ്പർ നൽകിയതിൽ ചുവടെ പറയുന്ന അപാകത കാണുന്നു.

(1)

| കെട്ടിടത്തിന്റെ നില | തറ വിസ്തീർണ്ണം | | കെട്ടിട നം | നികുതി കണക്കാക്കിയിരിക്കുന്നത് | കുറവായി/ കൂടുതലായി കണക്കാക്കിയ വിസ്തീർണ്ണം |
|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | അളവ് രേഖപ്പെടുത്തി നികുതി നിർണ്ണയം ചെയ്ത ഏരിയ | | | |
| ബേസ്മെന്റ് ഫ്ലോർ | 215 സ്ക്വ.മീ | 25 സ്ക്വ.മീ (അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം) | TPXV982/983 | 25 സ്ക്വ.മീ | (-)190 സ്ക്വ.മീ |
| ഗ്രൗണ്ട് ഫ്ലോർ | 245 സ്ക്വ.മീ | 274.68സ്ക്വ.മീ | TPXV/984 | 274.68 സ്ക്വ.മീ | (+)29.68 സ്ക്വ.മീ |
| ഫസ്റ്റ് ഫ്ലോർ | 264 സ്ക്വ.മീ | 274.68സ്ക്വ.മീ | TPXV/1013 | 274.68സ്ക്വ.മീ | (+)10.6 സ്ക്വ.മീ |
| സെക്കന്റ് ഫ്ലോർ | 244 സ്ക്വ.മീ | 274.68സ്ക്വ.മീ | TPXV/1014 | 274.68 സ്ക്വ.മീ | (+)30.68 സ്ക്വ.മീ |
| തെർഡ് ഫ്ലോർ | ഇല്ല | 33.24 സ്ക്വ.മീ | TPXV/1014 | 33.24 സ്ക്വ.മീ | (+)33.24 |

(2)പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻപ്രകാരമുള്ള വിസ്തീർണ്ണം പരിശോധിക്കേണ്ട എൽ.എസ്.ജി.ഡി.വിഭാഗം, അളവുകൾ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും, കംപ്ലീഷൻ പ്ലാനിൻമേലുള്ള സാക്ഷ്യപ്പെടുത്തലും ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ പരാമർശിച്ച അപാകത സംബന്ധിച്ച് 29/8/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.17ന് മറുപടി ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 2 നിർവചനങ്ങൾ പ്രകാരം 'തറവിസ്തീർണ്ണം' എന്നാൽ ഒരു ഏകനിലകെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ (ചുമർകനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനിലകെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ

ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ(ചുമർകനം ഉൾപ്പെടെ,എന്നാൽ തുറസ്സായ ടെറസ്സുഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു. കൂടാതെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതുഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇവിടെ കെട്ടിടങ്ങളുടെ completion plan പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിച്ചിരിക്കുന്നത്.പഞ്ചായത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ മേൽവിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിരുദ്ധമായി Basement Floor-ന്റെ വിസ്തീർണ്ണം ആനുപാതികമായി മറ്റു നിലകളുടെ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയല്ല നികുതി നിർണ്ണയിച്ചത്.

മേൽ പരാമർശിച്ച (1),(2) നം വിശദീകരണം ലഭ്യമാക്കേണ്ടതും, ചട്ടങ്ങൾക്ക് അനുസൃതമായി പ്രസ്തുതകെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച്, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുതനഷ്ടം സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

(II)ശ്രീ.ഷാജഹാൻ/അമർഷ എന്നിവർ തൃക്കോവിൽവട്ടം പഞ്ചായത്ത്, വാർഡ് നം.XIX, സർവ്വേ നം.196/18-3,18-4,18-1 പണികഴിപ്പിച്ച വാണിജ്യകെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ</u>

* കെട്ടിടത്തിന്റെ തരം :- 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം

* മേഖല :- പ്രഥമ മേഖല

* വഴിസൗകര്യം ;- 5 മീറ്ററിൽ കൂടുതലുള്ള റോഡ്

* തറനിർമ്മിതി ;- ടൈൽസ്

* മേൽക്കൂര :- കോൺക്രീറ്റ്

* അടിസ്ഥാന നികുതി നിരക്ക് :- 90 രൂപ/ ച.മീറ്റർ

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ചുവടെ പറയും പ്രകാരമാണ്

സെല്ലാർ ഫ്ലോർ - 268.47സ്ക്വ.മീ.

ഗ്രൗണ്ട് ഫ്ലോർ - 268.47 സ്ക്വ.മീ

ഫസ്റ്റ് ഫ്ലോർ - 268.47 സ്ക്വ.മീ

ഫസ്റ്റ് ഫ്ലോർ പാസ്സേജ് - 16.44 സ്ക്വ.മീ

സെക്കന്റ് ഫ്ലോർ സ്റ്റെയർ കാമ്പിൻ 1 -23.69 സ്ക്വ.മീ

സെക്കന്റ് ഫ്ലോർ സ്റ്റെയർ കാമ്പിൻ 2 – 12.25 സ്ക്വ.മീ

പ്രസ്തുത കെട്ടിടത്തിന് പഞ്ചായത്തിൽനിന്ന് നികുതി അസസ്സ് ചെയ്ത് നമ്പർ നൽകിയതിൽ ചുവടെ പറയുന്ന അപാകത കാണുന്നു.

| കെട്ടിടത്തിന്റെ നില | തറ വിസ്തീർണ്ണം | | കെട്ടിട നം. | നികുതി കണക്കാക്കിയിരിക്കുന്നത് | കുറവായി/ കൂടുതലായി കണക്കാക്കിയ വിസ്തീർണ്ണം |
|---|---|---|---|---|---|
| | കംപ്ലീഷൻ പ്ലാൻ പ്രകാരം | നികുതി നിർണ്ണയ പ്രകാരം | | | |
| സെല്ലാർ ഫ്ലോർ | 268.47 സ്ക്വ.മീ | ഇല്ല | - | ഇല്ല | (-)268.47 സ്ക്വ.മീ |
| ഗ്രൗണ്ട് ഫ്ലോർ | 268.47സ്ക്വ.മീ | 284.91സ്ക്വ.മീ | TPXIX/1061 | 284.91 സ്ക്വ.മീ | (+)16.44സ്ക്വ.മീ |
| ഫസ്റ്റ് ഫ്ലോർ | 284.91 സ്ക്വ.മീ | 268.47സ്ക്വ.മീ | TPXIX/1062 | 268.47സ്ക്വ.മീ | (-)16.44സ്ക്വ.മീ |
| സെക്കന്റ് ഫ്ലോർ | 35.94 | 35.94സ്ക്വ.മീ | TPXIX/1062 | 35.94 സ്ക്വ.മീ | 0 |

2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവനഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റുഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇവിടെ കെട്ടിടങ്ങളുടെ completion plan പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന

വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഞ്ചായത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ മേൽ വിവരിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി Basement Floor-ന്റെ വിസ്തീർണ്ണം ആനുപാതികമായി മറ്റു നിലകളുടെ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയല്ല നികുതി നിർണ്ണയിച്ചത്.

മേൽ പരാമർശിച്ച അപാകത സംബന്ധിച്ച് 29/8/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.17-ന് മറുപടി ലഭ്യമാക്കിയില്ല.

ചട്ടങ്ങൾക്ക് അനുസൃതമായി പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുതനഷ്ടം സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഇവ ഈടാക്കി കാണുന്നില്ല.

| സ്ഥാപനത്തിന്റെ വിവരം | നികുതി ഈടാക്കാത്തതിന്റെ വിവരം |
|---|---|
| ഇന്ത്യൻപബ്ലിക് സ്കൂൾ, | രണ്ട് അർദ്ധവർഷത്തേയും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| കിഡ്സ് വേൾഡ്, | രണ്ട് അർദ്ധവർഷത്തേയും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| നാഷണൽ പബ്ലിക് സ്കൂൾ | രണ്ട് അർദ്ധവർഷത്തേയും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല |
| കൊല്ലം വുഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം സ്ഥാപനനികുതി ഒടുക്കിയിട്ടില്ല |
| പീസ് പബ്ലിക് സ്കൂൾ | ജീവനക്കാരുടെയും സ്ഥാപനത്തിന്റേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| SIDCO ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | ഒന്നാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽനികുതിയും രണ്ട് |

| | |
|---|---|
| | അർദ്ധവർഷങ്ങളിലും സ്ഥാപനനികുതിയും ഒടുക്കിയിട്ടില്ല |
| അൻസാരി സാമിൽസ് | രണ്ടാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിയെത്തുടർന്ന് പീസ് പബ്ലിക് സ്കൂളിൽനിന്ന് നികുതി ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 വാടക -ഒടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന സ്റ്റാളുകൾ വാടകയ്ക്ക് എടുത്തവർ 2016-17 വർഷം ഒരു മാസത്തെ വാടക മാത്രമേ ഒടുക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 11 മാസത്തെ വാടക ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നം | വാടകയ്ക്കെടുത്ത വ്യക്തി | കുടിശ്ശികവരുത്തിയ തുക |
|---|---|---|
| കുടുംബശ്രീ വിപണന കേന്ദ്രം,സ്റ്റാൾ നം -8 | സുജാത, പ്ലാവറ പുത്തൻവീട് | 500x11=5,500 |
| കുടുംബശ്രീ വിപണന കേന്ദ്രം,സ്റ്റാൾ നം -7 | ബേബി,കൃപാലയം,ചേരിക്കോണം | 500x11=5,500 |
| കുടുംബശ്രീ വിപണന കേന്ദ്രം,സ്റ്റാൾ | സുഹർബാൻ,തൊടിയിൽപുത്തൻവീട് | 550x11=6,050 |

| | | |
|---|---|---|
| നം -6 | | |
| കുടുംബശ്രീ വിപണന കേന്ദ്രം,സ്റ്റാൾ നം -5 | ഷീജ, ലെനിൻകോളനി | 550x11=6,050 |

വാടകയിനത്തിൽ കുടിശ്ശികയായുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി,സ്ലാട്ടർഹൌസ് എന്നീ ഇനങ്ങൾ ലേലം ചെയ്തു നൽകിയിട്ടില്ല - അനധികൃതമായ ഉപയോഗം നടക്കുന്നു

പഞ്ചായത്തുപരിധിയിൽ ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ ഇനം ലേലംചെയ്തു നൽകി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ ഇറച്ചി വില്പനശാലകൾ വിപുലമായ തോതിൽ പ്രവർത്തിക്കുന്നുണ്ട്. സ്ലാട്ടർ ഹൗസ് എന്നയിനം ലേലംചെയ്തു നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തുപരിധിയിൽ പരസ്യംസ്ഥാപിക്കുന്നതും ഇറച്ചി വില്പനനടത്തുന്നതും അനധികൃതമായാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച- 1,93,31,435/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റുവിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 1,93,31,435/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് | ചെലവ് തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പ്രകാരമുള്ള തുക | | | തിരികെ പോയ തുക |
| വികസനഫണ്ട് (ജനറൽ) | 23793254 | 23793254 | 23179870 | 97 | 613384 |
| വികസനഫണ്ട് (എസ്.സി.പി) | 11019753 | 11019753 | 10307523 | 93.5 | 712230 |
| വികസനഫണ്ട് (റ്റി.എസ്.പി) | 52665 | 52665 | 0 | 0 | 52665 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 13344244 | 13344244 | 9061318 | 67.90 | 4282926 |
| ലോകബാങ്ക് ധനസഹായം | 8501798 | 8501798 | 3034056 | 35.68 | 5467742 |
| സംരക്ഷ ണ ഗ്രാന്റ് (നോൺ-റോഡ്) | 5741589 | 5741589 | 3120001 | 54.3 | 2621588 |
| സംരക്ഷ ണ ഗ്രാന്റ്(റോഡ്) | 7144500 | 7144500 | 1563600 | 21.8 | 5580900 |
| ആകെ | | | | | 1,93,31,435 |

സർക്കാരിൽനിന്നുലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് 1,93,31,435/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 പശ്ചാത്തലമേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച- അസി.എഞ്ചിനീയർ നടപ്പാക്കിയത് 45 ശതമാനത്തോളം മാത്രം പ്രോജക്ടുകൾ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം പരിശോധിച്ചതിൽ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ വീഴ്ച വരുത്തിയതായിക്കാണുന്നു. കൃഷി ഓഫീസർ വകയിരുത്തിയ തുകയുടെ 21% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ഉല്പാദനമേഖലയിലും പ്രവർത്തനങ്ങൾ

കാര്യക്ഷമമല്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിസംരക്ഷണത്തിനും പശ്ചാത്തലമേഖലാവികസനത്തിലൂടെ സ്ഥാപനത്തിന്റെ സമഗ്ര പുരോഗതി ഉറപ്പാക്കാനും ഉതകുന്നതരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 45 ശതമാനത്തോളം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പാക്കിയത് | | | |
| സെക്രട്ടറി | 26 | 18 | 16055574 | 11188818 | 69.6 |
| അസി.എഞ്ചിനീയർ | 101 | 46 | 38426853 | 11918228 | 31 |
| അസി.സെക്രട്ടറി | 15 | 13 | 17545877 | 10516246 | 59.9 |
| കൃഷിഓഫീസർ | 5 | 5 | 3212070 | 675125 | 21 |
| വെറ്റിനറി സർജൻ | 7 | 6 | 6249480 | 4792480 | 76.6 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 2 | 2 | 686200 | 663048 | 96.6 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 925400 | 925400 | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ | 6 | 6 | 21296000 | 11278000 | 52.9 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 10371400 | 7248066 | 69.8 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 1200000 | 400000 | 33.3 |

ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 മഴക്കാലപൂർവ്വ ശുചിത്വക്യാമ്പയിൻ 2016 – ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചില്ല, ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 23 വാർഡുകളിലേക്ക് മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 15,000 രൂപ (ശുചിത്വ മിഷൻ വിഹിതം-10,000 രൂപ, തനതുഫണ്ട്-5,000 രൂപ) വീതം 3,45,000 രൂപ (വൗച്ചർ നം.21600228 / 11/07/2016) മെഡിക്കൽ ഓഫീസർ-ഇൻ-ചാർജ്, പി.എച്ച്.സെന്റർ, തൃക്കാവിൽവട്ടം കൈമാറിയിരുന്നു. മഴക്കാലപൂർവ്വശുചിത്വക്യാമ്പയിൻ 2016 സംബന്ധിച്ച് 02/04/2016ലെ നം.201/ഡി സി 1/2016/തസ്വഭവ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം, പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുതലപ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡുതലത്തിൽ സംഘടിപ്പിക്കേണ്ട ശുചിത്വപ്രവർത്തനങ്ങളുടെ കണ്ടെത്തലും ആസൂത്രണവും കർമ്മപരിപാടികളും തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയായിരുന്നു ലക്ഷ്യം. ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനംവരെ നീണ്ടു നിൽക്കുന്ന വിപുലമായ കർമ്മപരിപാടികൾ സംഘടിപ്പിക്കണം. പ്രസ്തുത സർക്കുലർപ്രകാരം 02/05/16 മുതൽ വാർഡുതല ശുചിത്വാരോഗ്യപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. എന്നാൽ മഴക്കാലപൂർവ്വശുചിത്വക്യാമ്പയിൻ 2016-നായി മെഡിക്കൽ ഓഫീസർക്ക് തുക അനുവദിച്ചത് 11/07/2016-നാണ്. ഈ സാഹചര്യത്തിൽ സർക്കുലറിൽ നിർദ്ദേശിച്ച കാലയളവിനുള്ളിൽ(ജൂൺ 30,2016) പ്രസ്തുത ക്യാമ്പയിൻ നടപ്പിലാക്കിയതായി കാണുന്നില്ല. തന്മൂലം പ്രസ്തുത ക്യാമ്പയിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചില്ല എന്ന് വിലയിരുത്തുന്നു. പ്രസ്തുത ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽവിഷയം സംബന്ധിച്ച്, 23/8/2017-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.4-ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ മഴക്കാലപൂർവ്വശുചിത്വക്യാമ്പയിൻ 2016-നായി ചെലവഴിച്ച 3,45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-4** <u>ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നു ലഭ്യമായില്ല-**2,96,207/-**രൂപ ചെലവ് തടസ്സപ്പെടുത്തുന്നു</u>

1)<u>പ്രോജക്ട്-ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ (നം.22/17),</u>

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

അടങ്കൽ-3,00,000/-രൂപ

ചെലവ്-ബിൽ നം.1/16-17/03-1-17
തുക 3,00,000/-രൂ.

2)<u>പ്രോജക്ട്-വയോജനക്ഷേമം(പ്രോജക്ട് നം.23/17)</u>

ഫണ്ട്-വികസനഫണ്ട്

അടങ്കൽ-6,25,400/-രൂപ

ചെലവ്-ബിൽ നം.2/16-17/3-01-17,
തുക6,25,400/-രൂപ

നിർവ്വഹണം-ആയുർവേദമെഡിക്കലോഫീസർ

ഔഷധി മാനേജിംഗ് ഡയറക്ടർക്ക് യഥാക്രമം ഡി.ഡി.നം.992298 തീയതി.20-01-17 3,00,000/-,ഡി.ഡി.നം.992297തീയതി.3-01-17-പ്രകാരം 6,25,400/-നൽകിയിട്ടുണ്ട്. തൃക്കോവിൽവട്ടം ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയിൽ 2,07,895/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. വയോജനക്ഷേമം പദ്ധതിയ്ക്കായി ചെലവഴിച്ച 6,25,400/-രൂപയിൽ 4,21,298/- രൂപയുടെ മരുന്നുകൾമാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.3/16-17 തീയതി.21-08-17) മരുന്നുകൾ ഉടൻ ലഭ്യമാക്കാമെന്ന് ഔഷധി അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രണ്ടു പദ്ധതികളിലുമായി ലഭിക്കുവാനുള്ള 2,96,207/-രൂപ(92,105+2,04,102)-യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ഹോമിയോആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭ്യമായില്ല- 80,405/-രൂപ തടസ്സപ്പെടുത്തുന്നു

മേൽപദ്ധതിയ്ക്കായി മെയിന്റനൻസ്ഫണ്ട് റോഡിതരത്തിൽനിന്നും 2,00,000/-രൂപ വകയിരുത്തിയതിൽനിന്നും ബിൽ നം.1/16-17 തീയതി.28-12-2016 പ്രകാരം 2,00,000/- രൂപ പിൻവലിച്ച് നിർവ്വഹണോദ്യോഗസ്ഥനായ ഹോമിയോമെഡിക്കൽ ഓഫീസർ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസിലിമിറ്റഡിൽ നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നം.പി.എഫ്-439/14-11-2016). 1,19,595/-രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 80,405/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.2/16-17 തീയതി.21-08-17) മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 80,405/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ ടി ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 പാരമ്പര്യമായി ലഭിക്കേണ്ട വസ്തു വിലനൽകി വാങ്ങിയതായി രേഖകൾ ഹാജരാക്കി ആനുകൂല്യം കൈപ്പറ്റി-2,25,000/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട്-പട്ടികജാതിക്കാരായ ഭൂരഹിതർക്ക് വസ്തു വാങ്ങൽ(നം.71/17)

ഫണ്ട് -വികസനഫണ്ട് 36,75,000/-രൂപ

തനത്ഫണ്ട് 4,50,000/-രൂപ

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതിക്കാരായ ഭൂരഹിതർക്ക് വസ്തുവാങ്ങൽപദ്ധതിയുടെ ഭാഗമായി ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.സിന്ധു, മോരിവിള പുത്തൻവീട്, ചെറിയേല വസ്തുവാങ്ങിയത് ശ്രീ.ശ്രീധരൻ,മോരിവിള പുത്തൻവീട്, ചെറിയേല, ശ്രീമതി.സരസമ്മ, മോരിവിള പുത്തൻ വീട്, ചെറിയേല, ശ്രീ.മണികണ്ഠൻ, മോരിവിള പുത്തൻവീട്,ചെറിയേല തുടങ്ങിയവർ ഉൾപ്പെടെ 6 പേർക്ക് കൂട്ടവകാശമുള്ള 204 ച.മീ വസ്തുവാണ്. മറ്റ് മൂന്ന് അവകാശികൾ ശ്രീധരന്റെ സഹോദരൻ ലക്ഷ്മണന്റെ അവകാശികളായ ശ്രീമതി.വസന്ത(ഭാര്യ),

ശ്രീ.സുമേഷ്(മകൻ), ശ്രീമതി. സുജിത(മകൾ) മുതൽപേരാണ്. വസ്തുവിന്റെ വിലയായി 3,75,000/-രൂപ (ബിൽ നം.6/16-17 തീയതി. 22-02-2017) ശ്രീമതി.വസന്തയ്ക്കാണ് നൽകിയിരിക്കുന്നത്. റേഷൻ കാർഡ് നം. 1207146550 പ്രകാരം ശ്രീമതി.സിന്ധു മേൽ പരാമർശിച്ചിട്ടുള്ള ശ്രീധരന്റെയും സരസമ്മയുടെയും മകളാണ്. മാത്രമല്ല വസ്തുവിന്റെ ഒരവകാശിയായ മണികണ്ഠൻ ആധാർ കാർഡ് നം.2149 8085 7371 പ്രകാരം സിന്ധുവിന്റെ ഭർത്താവാണ്. 204 ച.മീ മേൽ പരാമർശിത വസ്തുവിൽ ഓരോരുത്തർക്കുമുള്ള അവകാശം താഴെ പറയും പ്രകാരമാണ്.

| വ്യക്തി | ഗുണഭോക്താവുമായുള്ള ബന്ധം | അവകാശമുള്ള വസ്തുവിന്റെ അളവ് | റീസർവ്വേ വിശദാംശങ്ങൾ |
|---|---|---|---|
| ശ്രീ.ശ്രീധരൻ | അച്ഛൻ | 58ച.മീ | 402/11/3/3 |
| ശ്രീമതി.സരസമ്മ | അമ്മ | 40ച.മീ | 402/11/2 |
| ശ്രീമതി.സരസമ്മ, സുരേഷ്,സുജിത | അച്ഛന്റെ സഹോദര്യ ഭാര്യയും മക്കളും | 58ച.മീ | 402/11/3/4 |
| ശ്രീമതി.സരസമ്മ, സുരേഷ്,സുജിത | അച്ഛന്റെ സഹോദര്യ ഭാര്യയും മക്കളും | 18ച.മീ | 402/11/3/1/2 |
| ശ്രീ.മണികണ്ഠൻ | ഭർത്താവ് | 30ച.മീ | 402/11/3/1/3 |

അതായത് മേൽ 204 ച.മീ വസ്തുവിൽ128 ച.മീ വസ്തു ഗുണഭോക്താവിന്റെ അച്ഛൻ, അമ്മ, ഭർത്താവ് എന്നിവരുടെ പേരിലുള്ളതും ശ്രീമതി.സിന്ധുവിന് അവകാശമുള്ളതുമാണ് എന്നാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽനിന്നും വ്യക്തമാകുന്നത്. ഇത്തരത്തിൽ പാരമ്പര്യമായി ലഭിക്കുവാൻ സാധ്യതയുള്ള വസ്തു വാങ്ങുവാൻ ഈ പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം നൽകുവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.14/16-17 /24-08-17) മറുപടിയായി നിർവ്വഹണോദ്യോഗസ്ഥയെ തെറ്റിദ്ധരിപ്പിച്ചാണ് ആനുകൂല്യം നൽകുവാൻ ഇടയാക്കിയതെന്ന മറുപടിയാണ് നിർവ്വഹണ

ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നത്. ശ്രീമതി.സിന്ധുവിന്റെ അച്ഛന്റെ സഹോദരഭാര്യയുടെയും മക്കളുടെയും പേരിലുള്ള 76 ച.മീ വസ്തുവിന്റെ വില (2 സെന്റിന് 1,50,000) ഒഴികെയുള്ള 2,25,000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.ടി തുക അർഹതയില്ലാത്ത ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിൽനിന്നോ അനർഹയ്ക്ക് ആനുകൂല്യവിതരണം നടത്തിയ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയിൽനിന്നോ ഈടാക്കി ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## **3-7** <u>ലാപ്ടോപ്പ് അനർഹർക്ക് നൽകി **-74,850/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ പദ്ധതിയ്ക്കായി (പ്രോജക്ട് നം.165/17) വികസനഫണ്ട് (എസ്.സി.പി)യിൽ നിന്നും പിൻവലിച്ച 13,72,250/-രൂപ 55 ലാപ് ടോപുകൾ വാങ്ങിയയിനത്തിൽ തിരുവനന്തപുരം അഡ്കോം സിസ്റ്റത്തിന് നൽകിയിട്ടുണ്ട്. (@24,950X55)ഈ ഇനത്തിലെ ആനുകൂല്യം അനർഹരായവർക്കും നൽകിയിരിക്കുന്നു എന്നാണ് പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളിൽനിന്നും വ്യക്തമാകുന്നത്.

1)കുമാരി.ജയലക്ഷ്മി.വി,സുജാസദനം എന്നയാൾക്ക് 2009-2013 വർഷം അൽ-അമീൻ എഞ്ചിനീയറിംഗ് കോളേജ്, ഷൊർണൂർ-ലെ ബി.ടെക് വിദ്യാർത്ഥിനിയാണെന്ന 10-06-13 ലെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ലാപ്ടോപ് നൽകിയിരിക്കുന്നത്. ടിയാൾക്ക് ബ്ലോക്കുപഞ്ചായത്തിൽനിന്നും ഈയിനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

2)കുമാരി.ധന്യാരാജ്.വി, ധന്യാമന്ദിരം, കുമാരി.ജിനു.ജി, പുതുവൽവീട്, കുരീപ്പള്ളി എന്നിവർക്ക് 1-08-2013 മുതൽ 31-07-2014 വരെ കൊല്ലം ഗവ.ഐ.ടി.ഐയിലെ വിദ്യാർത്ഥികളായിരുന്നു എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലാപ്ടോപ് നൽകിയിരിക്കുന്നത്. മേൽ ഗുണഭോക്താക്കൾ നിലവിൽ പഠിതാക്കളല്ല എന്നിരിക്കെ ആനുകൂല്യം നൽകിയത് അംഗീകരിക്കത്തക്കതല്ല. കൂടാതെ ടിയാളുകൾ പഠിതാക്കളായിരിക്കെ മേൽ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പാക്കാനും കഴിയുന്നില്ല.

3)മേൽ ആനുകൂല്യം കൈപ്പറ്റിയവരിൽ 13 പേർ ഈയിനത്തിൽ ബ്ളോക്കുപഞ്ചായത്തിൽ നിന്നും ആനുകൂല്യം കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം/വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (എൻക്വയറി നം.16/16-17/26-08-2017) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഹാജരാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ മേൽ 3 പേർക്ക് ലാപ്ടോപ്പ് വാങ്ങിയതിനായി ചെലവഴിച്ച 74,850/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കന്നുകുട്ടി പരിപാലനം- 5,82,896/-രൂപയുടെ വിനിയോഗവിശദാംശങ്ങളില്ല

കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി (പ്രോജക്ട് നം.85/17) വികസനഫണ്ടിൽനിന്നും വകയിരുത്തിയിരുന്ന 6,25,000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ ബിൽ നം.2/16-17 / 16-01-17പ്രകാരം പിൻവലിച്ച് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീമിന് നൽകിയിട്ടുണ്ട്. ആയതിൽ 42,104/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 5,82,896/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-9 മേൽക്കൂര മാറ്റിവച്ചതിന് അനുവദനീയമായതിൽ അധികം തുക അനുവദിച്ചു

ഭവനപുനരുദ്ധാരണം പ്രോജക്ട് നം.153/17 ന്റെ ഭാഗമായി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയുടെഭാഗമായി ചെയ്തത് മേൽക്കൂര മാറ്റിവയ്ക്കൽ പ്രവൃത്തി മാത്രമാണ്.

| പേര് | ബിൽനം | ചെയ്തപ്രവൃത്തി |
|---|---|---|
| മിനി,ചിറയിൽ പുത്തൻവീട് | 1/16-17തീയതി .23-01-17 | മേൽക്കൂരമാറ്റി വയ്ക്കൽ |
| അബ്ദുൽഅസീസ്, റിയാദ് മൻസിൽ | 1/16-17 /23-01-17 | മേൽക്കൂരയുടെ പട്ടിക,ഓട്, കഴുക്കോൽ |

| | | |
|---|---|---|
| | | മാറ്റുന്നത് |
| തങ്കമണിഅമ്മ, ശരത് ഭവൻ | 2/16-17 /31-01-17 | മേൽക്കൂരയുടെ പട്ടിക,ഓട്,കഴുക്കോൽ മാറ്റുന്നത് |

ജി.ഒ(എം.എസ്) നം.40/16/11-01-16 പ്രകാരം മേൽക്കൂര മാറ്റിവയ്ക്കൽ എന്ന പ്രവൃത്തിക്ക് അനുവദനീയമായത് 20,000/- രൂപയാണ്. എന്നാൽ ഈയിനം മാത്രംചെയ്ത മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്കും ഭവനപുനരുദ്ധാരണം പദ്ധതിയിലുൾപ്പെടുത്തി 25,000/-രൂപവീതം ആനുകൂല്യം നൽകിയിരിക്കുന്നു. ടി അപാകതയിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.12/16-17/24-08-17) മേൽ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട സമയത്ത് നൽകിയ റഫ് എസ്റ്റിമേറ്റിൽ മേൽക്കൂര മാറ്റിവയ്ക്കൽ എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളെങ്കിലും പ്രവൃത്തിചെയ്ത സമയത്ത് ഭവനപുനരുദ്ധാരണ പ്രവൃത്തികളും ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഗുണഭോക്താവ് നൽകിയിട്ടുള്ള റഫ് എസ്റ്റിമേറ്റും ഓവർസിയർ നൽകിയിട്ടുള്ള വിശദമല്ലാത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ രേഖകളിൽനിന്നും എന്തൊക്കെ ഇനങ്ങളാണ് ഗുണഭോക്താവ് ചെയ്തതെന്ന് വ്യക്തമാകില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 <u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കാര്യക്ഷമമല്ല</u>

പാലിയേറ്റീവ്കെയർ മാനേജ്മെന്റ് കമ്മിറ്റി 3 മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽനടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഈ പദ്ധതിയുടെ നടത്തിപ്പുസംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം തീരുമാനമെടുക്കേണ്ടതുമാണെന്ന് പാലിയേറ്റീവ് പരിചരണം മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 21-05-2013-ന് ശേഷം കൂടിയിരിക്കുന്നത് 27-07-2017-നാണ്. അതിനുശേഷം നാളിതുവരെ കമ്മിറ്റി വിളിച്ചു ചേർത്തിട്ടുമില്ല. ദീർഘകാലചികിൽസയും പരിചരണവും ദൈനംദിനകാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്കും അവരുടെ കുടുംബത്തിനും വളരെയേറെ പ്രയോജനപ്രദമായ ഇത്തരം ഒരു പദ്ധതിയുടെ നടത്തിപ്പിൽ

കുറെക്കൂടി ശ്രദ്ധ പുലർത്തേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-11 ത്രൈമാസ പരിധി അധികരിച്ച് യാത്രാബത്ത നൽകി - 4,278/-രൂപ നിരാകരിക്കുന്നു

റവന്യൂ ജില്ലാ അധികാരമുള്ള ഉദ്യോഗസ്ഥൻ, രണ്ട് റവന്യൂ ജില്ലകളിൽ ഔദ്യോഗിക യാത്ര നടത്തുമ്പോൾ, അനുവദിക്കാവുന്ന ത്രൈമാസ യാത്രാബത്തപരിധി 6,510/-രൂപയാണെന്നിരിക്കെ (ജി.ഒ.(പി)നം.74/2012 /ഫിൻ/28/01/12 പ്രകാരം), ശ്രീ.അനിൽകുമാർ, സെക്രട്ടറിക്ക് (അടിസ്ഥാന ശമ്പളം-51,600/-രൂപ,പുതുക്കിയത്) ചുവടെ പറയുംപ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.79984/9/9/16)

| ക്രമ നം | മാസം | ത്രൈമാസ പരിധി (രൂപ) | അനുവദിച്ച തുക (രൂപ) | അധികമായി നൽകിയത് (രൂപ) |
|---|---|---|---|---|
| 1 | 01/16<br>02/16<br>03/16 | 6,510 | 10,788 | 4,278 |
| ആകെ | | | | 4,278 |

മേൽ വിഷയം സംബന്ധിച്ച് 23/08/17ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.6ന് മറുപടി ലഭ്യമാക്കിയില്ല.

ത്രൈമാസപരിധി അധികരിച്ച് യാത്രാബത്ത നൽകിയ 4,278/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-12 എസ്.എസ്.എ വിഹിതം നൽകൽ-അധികം തുക ഒടുക്കുവരുത്തി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിൽപ്പെടുത്തി (18/17) ഡി.ഡി.നം.989735/28.10.16 പ്രകാരം

11,86,558/-രൂപ എസ്.എസ്.എ-യ്ക്ക് നൽകി. പദ്ധതി പ്രകാരമുള്ള സാമ്പത്തികരൂപരേഖപ്രകാരം 29,66,394/-രൂപയുടെ 40 ശതമാനമായ 11,86,558/-രൂപയാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. എന്നാൽ എസ്.എസ്.എയിൽ നിന്ന് ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രപ്രകാരം മേൽപദ്ധതിയുടെ ആകെ ചെലവ് 29,33,500/-രൂപ മാത്രമാണ്. അതിൻപ്രകാരം 40 ശതമാനം തുകയായ 11,73,400/-രൂപ മാത്രമേ ഒടുക്കുവരുത്തേണ്ടതായുള്ളൂ. ഈ ഇനത്തിൽ അധികം ഒടുക്കിയ 13,158/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-13 ഇ.എം.എസ് ഭവനപദ്ധതി - മുതൽ തിരിച്ചടവ്

മേൽ പ്രോജക്റ്റിൽപ്പെടുത്തി 39,46,754/-രൂപ മുതലിന്റെ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. (ബിൽനം-10/27.10.16-26,25,000/-, ബിൽ നം-23/20.3.17-13,21,754/-. ഓഡിറ്റ് എൻക്വയറിമുഖേന ആവശ്യപ്പെട്ടിട്ടും ബാങ്കിൽനിന്നുള്ള ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 39,46,754/-രൂപ തടസ്സപ്പെടുത്തുന്നു. അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 P.M.A.Y പദ്ധതി- 40,000/-രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നു

P.M.A.Y ജനറൽ പദ്ധതിയ്ക്കായി (19/1s7 ) 1,00,000/-രൂപയും (ബിൽ നം. 12/31.11.16), P.M.A.Y എസ്.സി.പി. പദ്ധതിയ്ക്കായി (20/17)2,00,000 /-രൂപയും(ബിൽ നം. 13/31.11.16) മാറി ബ്ലോക്കുപഞ്ചായത്തിൽ ഒടുക്കുവരുത്തി. ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറി നൽകിയ വിനിയോഗസാക്ഷ്യപത്രപ്രകാരം ജനറൽ വിഭാഗത്തിൽ 1,00,000/-രൂപയും എസ്.സി.പി. വിഭാഗത്തിൽനിന്നും 1,60,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ ശേഷിക്കുന്ന 40,000/-രൂപ ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. 40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതി നടത്തിപ്പുപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-15 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ -പ്രവർത്തനക്ഷമമായ

<u>പൊതുടാപ്പുകളുടെ എണ്ണം ലഭ്യമല്ല</u>

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന 396 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 1,73,250/-രൂപ (പ്രതിമാസം ടാപ്പൊന്നിന് 437.50/-രൂപ നിരക്കിൽ 1,73,250/-രൂപ) കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. പ്രസ്തുത 396 പൊതുടാപ്പുകളുടെ വാർഡ് തിരിച്ചുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും, കേരള വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ 23/08/17ലെ ഓഡിറ്റ് എൻക്വയറി നം.5ന് പൊതുടാപ്പുകളുടെ നിജസ്ഥിതി അറിയാൻ വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാർഡുതലത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടെത്തുകവഴി പഞ്ചായത്തിന് വെള്ളക്കരം ഇനത്തിലെ അധികചെലവ് നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ നാളിതുവരെ ഇത്തരത്തിലുള്ള സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി, വാർഡ് തലത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണ്ടെത്തി, ആയത് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും വെള്ളക്കരം ഇതുപ്രകാരം ക്രമീകരിക്കേണ്ടതുമാണ്.

## 3-16 <u>ബഡ്സ് റീഹാവിലിറ്റേഷൻ സെന്റർ പ്രവർത്തനം-രേഖകൾ ലഭ്യമാക്കിയിട്ടില്ല</u>

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം, 75/17 എന്ന പ്രോജക്ടിൽപ്പെടുത്തി 2,50,000/-രൂപ വകയിരുത്തിയതിൽ 2,38,255/-രൂപ ചെലവഴിച്ചു. ബിൽ നം-2/15.12.16 പ്രകാരം 52250/-രൂപ മാറിയതിന്റെ ചെലവ്വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക രൂപ 52,250/- തടസ്സപ്പെടുത്തുന്നു.

## 3-17 <u>തെരുവുവിളക്ക് പരിപാലനം- തെരുവുവിളക്കുകളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല</u>

ഗ്രാമപഞ്ചായത്തിൽ അടാട്ട് മാതൃകയിലാണ് തെരുവുവിളക്ക് പരിപാലനം നടത്തുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുപരിധിയിലെ തെരുവുവിളക്കുകളുടെ എണ്ണം, തരം, പോസ്റ്റിന്റെ വിവരം എന്നീ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. തെരുവുവിളക്കു പരിപാലനത്തിനായി ഉപകരണങ്ങൾ വാങ്ങി കരാറുകാർമുഖേന സ്ഥാപിക്കുന്നതിനായി തൻവർഷം 5,71,725/-രൂപ ചെലവഴിച്ചു. എന്നാൽ റിപ്പയർ ചെയ്തതായി കാണിച്ചിട്ടുള്ള വിവരങ്ങൾ പരിശോധിച്ചതിൽ പല പോസ്റ്റുകളുടേയും നമ്പർ ഇരട്ടിച്ചുവന്നതായും അതിൽ സ്ഥാപിച്ച വിളക്കുകളുടെ തരത്തിൽ പൊരുത്തക്കേടുള്ളതായും കാണുന്നു. തെരുവുവിളക്കുകളുടെ എണ്ണം, കൃത്യമാക്കാനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിക്കാണുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പല പോസ്റ്റുകൾക്കും ഒരേ നമ്പർ നൽകിയിട്ടുള്ളതാണെന്നും കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി മേൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ വിവരങ്ങൾ സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## **3-18** <u>പെൻഷൻ ഇനത്തിൽ ലഭിച്ച തുകയിൽ**5,91,614/-**രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു</u>

കാനറാബാങ്കിന്റെ പെൻഷൻ അക്കൗണ്ടിൽ(അക്കൗണ്ട് നം.0999101003943) 5,91,614/-രൂപ അവശേഷിക്കുന്നു. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## **3-19** <u>മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച- **1,84,603/-**രൂപ നഷ്ടം</u>

ചുവടെ ചേർക്കുന്ന മരാമത്തുപ്രവൃത്തികൾ 2014-15 വർഷം ആരംഭിച്ചത് 2016-17 വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ നിർവ്വഹണവേളയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് നേരിട്ടതായി കരാറുകാരൻ റിപ്പോർട്ട് ചെയ്യുകയോ ആയത് പഞ്ചായത്തുകമ്മറ്റി ബോദ്ധ്യപ്പെട്ട് തീരുമാനം കൈക്കൊണ്ടിട്ടുള്ളതായോ കാണുന്നില്ല. വ്യക്തമായ കാരണം കൂടാതെ പ്രവൃത്തി ദീർഘിപ്പിച്ചതിന് ആദ്യ മൂന്നുമാസക്കാലത്തേക്ക് കരാർതുകയുടെ 1% ശതമാനം നിരക്കിലും പിന്നീടുള്ള

മൂന്നു മാസത്തേക്ക് കരാർ തുകയുടെ 2% നിരക്കിലും ഫൈൻ ഈടാക്കണമെന്നിരിക്കെ കേവലം മൂല്യനിർണ്ണയതുകയുടെ 1% ശതമാനം മാത്രമാണ് ഫൈനായി ഈടാക്കിയിട്ടുള്ളത്. കുറവായി ഫൈൻ ഈടാക്കിയതുവഴി 1,84,603/-രൂപയുടെ നഷ്ടം ഉണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം, കരാറുകാരൻ, എഗ്രിമെന്റ് നം, തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | ഫൈൻ ഇനത്തിൽ ഈടാക്കിയ തുക | നഷ്ടം |
|---|---|---|---|---|---|---|
| ശ്രീഭൂതനാഥക്ഷേത്രം-എൻ.എസ്.എസ്. കരയോഗം റോഡ് ടാറിംഗ്, ശ്രീ.ബാബു, Ag.No.65/14-15 /21.1.15, Agreed PAC-634627/- | 21.1.2015 | 20.3.16 | 31.3.15 | 42,871 | 6,348 | 36,523 |
| ഉപാസന ഹോസ്പിറ്റൽ റോഡ് കോൺക്രീറ്റിംഗ്, ശ്രീ.ബാബു, Ag.No.64/14-15 /21.1.15, Agreed PAC 638347, ബിൽ നം -5/21.12.16 | 21.1.2015 | 1.8.2016 | 31.3.15 | 60,000 | 6,200 | 53,800 |

| | | | | | | |
|---|---|---|---|---|---|---|
| പെരുമ്പാവിൽ എ.പി. ജംഗ്ഷൻ റോഡ് റീടാറിംഗ്, ശ്രീ.ബാബു, Ag.No .79/14-15/ 4-9.15, Agreed PAC -248353, ബിൽ നം -6/21.12.2016 | 27.7.2015 | 18.7.2016 | 27.9.15 | 13,575 | 2,486 | 11,089 |
| ശ്രീശാസ്താ റോഡ് റീടാറിംഗ്, ശ്രീ.ബാബു, Ag.No.85/14-15/28.2.15, Agreed PAC- 129450/-, ബിൽ നം- 7/21.12.2016 | 28.2.2015 | 20.2.2016 | 31.3.15 | 7,939 | 1,287 | 6,652 |
| കൃഷിഭവന് സ്റ്റോർറൂം നിർമ്മാണം ,ജനറേറ്റർ റൂം നിർമ്മാണം, ശ്രീ.ഗോപി നാഥൻ പിള്ള, Ag.No.12/14-15 /25.10.14, Agreed PAC- 273034/-, ബിൽ നം -8/28.12.16 | 25.10.2014 | 2.7.2016 | 31.3.15 | 24,691 | 2,453 | 22,238 |
| എ.എസ്.ഐ- ജംഗ്ഷൻ | 8.9.2015 | 25.7.2016 | 31.3.16 | 7,012 | 4,325 | 2,687 |

| | | | | | | |
|---|---|---|---|---|---|---|
| കുഴിവെട്ടിക്കുളം റോഡിന് ഓടയും റാമ്പും നിർമ്മാണം, ശ്രീ.സന്തോഷ്കുമാർ, Ag.No.79/14-15/8.9.15, Agreed PAC-450800/-,ബിൽ നം-9/28.12.16 | | | | | | |
| ബോയ്സ് കാഷ്യൂ കമ്പനി ജംഗ്ഷൻ റോഡ് ടാറിംഗ്, ശ്രീ.സന്തോഷ് കുമാർ, Ag.No. 71/14-15 /23.1.15, Agreed PAC-555079/- ബിൽ നം -12/24.1.17 | 23.1.2015 | 10.7.2016 | 31.3.15 | 51,183 | 5,551 | 45,632 |
| ആയുർവേദ ആശുപത്രിക്ക് കെട്ടിട മെയിന്റനൻസ്, 46/17 ശ്രീ.ഗോപിനാഥൻ പിള്ള, Ag.No.10 /14-15/ 25.10.14- Agreed PAC-91279/-, | 31.10.14 | 30.5.16 | 31.3.15 | 7,608 | 1,626 | 5,982 |

| | | | | | | |
|---|---|---|---|---|---|---|
| ബിൽ നം-<br>14/24.1.17 | | | | | | |
| ആകെ നഷ്ടം | 1,84,603/- | | | | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016/17 | 3,66,836 | പാലിയേറ്റീവ് കെയറിന് വാഹനം(180/17) | 3,66,836 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016/17 | 8,00,000 | ക്ഷീര സംഘത്തിൽ പാലൊഴിക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(152/17) | 8,00,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016/17 | 2,40,900 | ശാരീരിക മനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (55/17) | 2,40,900 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016/17 | 2,40,900 | ശാരീരിക മനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (55/17) | 2,40,900 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016/17 | 15,000 | സമഗ്ര നെൽകൃഷി വികസനം(80/17) | 15,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016/17 | 31,200 | സമഗ്ര നെൽകൃഷി വികസനം(2/17) | 31,200 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് വായപ | സ.ഉ.നം.522/2010 /തസ്വഭവ /17/2/2010 | 2,62,50,000 | 6,74,4428 | 39,46,754 | | 27,97,674 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 66,095 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 66,095 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 66,095 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റുകൾ | 66,095 |
| ആകെ | 66,095 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,87,64,698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,34,39,207 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,29,278 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,31,520 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-6 | | 2,25,000 | ശ്രീമതി.ശോഭന .പി, അസി.സെക്രട്ടറി |
| 3-11 | | 4,278 | ശ്രീ. അനിൽകുമാർ.എ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,45,000 | ശ്രീ. അനിൽകുമാർ.എ, സെക്രട്ടറി |
| 3-4 | 2,96,207 | ഡോ.അമ്പിളി കുമാരി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-5 | 80,405 | ഡോ.രമ്യ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-7 | 74,850 | |
| 3-8 | 5,82,896 | ശ്രീ.ഡി.അനീസ് ബഷീർ, വെറ്റിനറി സർജൻ |
| 3-12 | 13,158 | ശ്രീ.അനിൽകുമാർ, സെക്രട്ടറി |
| 3-13 | 39,46,754 | ശ്രീ. അനിൽകുമാർ.എ,സെക്രട്ടറി2625000 |
| | | ശ്രീ.ജ്യോതിസ്,സെക്രട്ടറി.1321754 |
| 3-14 | 40,000 | ശ്രീ.ജ്യോതിസ്, സെക്രട്ടറി |
| 3-16 | 52,250 | ശ്രീ.വിജയമോഹൻ.എസ്, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശോഭന.പി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | സുരേന്ദ്രഭവനം, മുളിലാക്കാട്, മുളപിലാക്കാട് പി.ഒ.,ശാസ്താംകോട്ട, കൊല്ലം |
| ശ്രീ. അനിൽകുമാർ.എ, സെക്രട്ടറി | | അക്ഷയ, ഹൗസ് നം.119, പുലരി നഗർ, പുന്തലത്താഴം |
| ശ്രീമതി. അനുപമ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, പോച്ചംകോണം, എഴുകോൺ പി.ഒ., കൊല്ലം പിൻ.691505 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ |
|---|---|---|

| | | |
|---|---|---|
| | | ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
| 1996-1997 | എൽ.എഫ്.ക്യൂ.പി.7/1199(6)/14 തീ-13.06.2014 | 23,24,25, 26,31,34, 35(1,2), 36 , 37 |
| 1997-1998 | എൽ.എഫ്.ക്യൂ.പി.7/1199(7)/14 തീ-13.06.2014 | 27,34, 35,36,41 |
| 1998-1999 | എൽ.എഫ്.ക്യൂ.പി.7/1199(8)/14 തീ-13.06.2014 | 27,35,38, 46,47 |
| 1999-2000 | എൽ.എഫ്.ക്യൂ.പി.7/1199(9)/14 തീ-13.06.2014 | 36,41,43, 44,46,47 |
| 2000-2001 | എൽ.എഫ്.ക്യൂ.പി.7/1199(10)/14 തീ-13.06.2014 | അവസാന എഫ്. ആർ ശ്രദ്ധിക്കുക |
| 2001-2002 | എൽ.എഫ്.ക്യൂ.പി.7/1199(11)/14 തീ-13.06.2014 | -ടി- |
| 2002-2003 | എൽ.എഫ്.ക്യൂ.പി.7/1199(12)/14 തീ-13.06.2014 | -ടി- |
| 2003-2004 | എൽ.എഫ്.ക്യൂ.പി.7/1199(13)/14 തീ-13.06.2014 | -ടി- |
| 2004-2005 | എൽ.എഫ്.ക്യൂ.പി.7/1199(14)/14 തീ-13.06.2014 | -ടി- |
| 2005-2006 | എൽ.എഫ്.ക്യൂ.പി.7/1199(15)/14 തീ-13.06.2014 | -ടി- |

| | | |
|---|---|---|
| 2006-2007 | എൽ.എഫ്.ക്യൂ.പി.7/1199(16)/14 തീ-13.06.2014 | -ടി- |
| 2007-2008 | എൽ.എഫ്.ക്യൂ.പി.7/1199(17)/14 തീ-13.06.2014 | -ടി- |
| 2008-2009 | എൽ.എഫ്.ക്യൂ.പി.7/1199(18)/14 തീ-13.06.2014 | -ടി- |
| 2009-2010 | എൽ.എഫ്.ക്യൂ.പി.7/1199(19)/14 തീ-13.06.2014 | -ടി- |
| 2010-2011 | എൽ.എഫ്.ക്യൂ.പി.7/1199(20)/14 തീ-13.06.2014 | -ടി- |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7/1947/12/തീ-27.02.2013 | -ടി- |
| 2012-13 | എൽ.എഫ്.ക്യൂ.പി.7/365/15/തീ-22.4.2015 | -ടി- |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ.പി.7/1574/15/19.10.2015 | -ടി- |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി8-1797/16 | -ടി- |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി7/1727/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in

തീയതി –20/10/2017

## സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.